(ഡി) ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ഇ) എറണാകുളത്ത് നടന്ന സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ സർട്ടിഫിക്കറ്റ് മാത്രം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് നൽകിയ മാതൃകയിൽ അച്ചടിച്ചു നൽകിയിട്ടുണ്ട്.

(എഫ്) കലോൽസവത്തിന്റെ മറ്റു അച്ചടി ജോലികൾ സ്ഥാപനത്തിന് ലഭിച്ചിരുന്നില്ല.

ചാരുംമൂട്ടിൽ എ. ഇ. ഒ. ആഫീസ് തുടങ്ങുന്നതിന് നടപടി

37 [334] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു എ. ഇ. ഒ. ആഫീസ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് ചാരുംമൂട്ടിൽ എ. ഇ. ഒ. ആഫീസ് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ചാരുംമൂട് കേന്ദ്രമാക്കി ഒരു പുതിയ എ. ഇ. ഒ. ആഫീസ് ആരംഭിക്കണമെന്ന നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്കൂളുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി ചാരുംമൂട്ടിൽ ഒരു ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് പുതുതായി രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

38 [335] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണവും, ടി സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണവും ആകെ വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണ്;

(ബി) ഈ വകുപ്പിലെ ഭരണപരവും അക്കാദമിക്-പരീക്ഷാ സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ;

(സി) വിദ്യാർത്ഥികളുടെയും സ്കൂളുകളുടെയും അദ്ധ്യാപകരുടെയും എണ്ണം വർദ്ധിച്ചിച്ചതനുസരിച്ച് കാര്യക്ഷമമായി വകുപ്പിലെ പ്രവർത്തനങ്ങൾ നിർവഹിക്കുവാൻ ജീവനക്കാരെ നിയമിക്കാത്തതിനുള്ള കാരണങ്ങളെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കൂടുതൽ താല്കാലിക ജീവനക്കാരെ നിയമിച്ച് കാര്യങ്ങൾ നിർവഹിക്കുന്നതിലൂടെ പരീക്ഷയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലാതായിരിക്കുന്നു എന്ന വ്യാപകമായ പരാതി സർക്കാർ പരിശോധിക്കാത്തതെന്താണ്;

(ഇ) വകുപ്പിലെ ജോലി ഭാരം വർദ്ധിച്ചതനുസരിച്ച് സ്ഥിരം ജീവനക്കാരുടെ തസ്തികകൾ അനുവദിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമവും കുറ്റമറ്റതുമാക്കിത്തീർക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 899 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും 524 എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളുമാണ് നിലവിലുള്ളത്. പ്രസ്തുത സ്കൂളുകളിൽ 22547 അദ്ധ്യാപകരുടെ തസ്തികകളും 2476 അദ്ധ്യാപകേതര (ലാബ് അസിസ്റ്റന്റ്) തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 225720 സീറ്റുകളാണ് നിലവിലുള്ളത്.

(ബി) 204 ജീവനക്കാർ.

(സി) മുതൽ (ഇ) വരെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായി മൂന്ന് മേഖലാ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട്. ഓരോ മേഖലാ ഓഫീസും ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ മൂന്ന് ഓഫീസുകളിലായി ആകെ 57 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിർവഹിച്ചിരുന്ന പല പ്രധാന അക്കാദമിക്, ഭരണപരവുമായ ജോലികൾ ഇപ്പോൾ ഈ മേഖലാ ഓഫീസുകളിലാണ് നിർവഹിക്കപ്പെടുന്നത്. 1-11-2005 മുതൽ ഈ മൂന്ന് മേഖലാ ഓഫീസുകളും പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഡയറക്ടറേറ്റിലെ ജോലിഭാരം ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണ്.

വൈദ്യുതി ഇടപാട് സംബന്ധിച്ച ലൈസൻസിനും ലൈസൻസ് റദ്ദാക്കലിനുമുള്ള ഫീസ്

39 [337] ശ്രീ. പി. ജെ. ജോയി:
,, ഇ. എം. അഗസ്തി:
,, എം. എം. ഹസ്സൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഇടപാട് സംബന്ധിച്ച ലൈസൻസിനും ലൈസൻസ് റദ്ദാക്കലിനും മറ്റു കാര്യങ്ങൾക്കുമുള്ള ഫീസ് നിശ്ചയിക്കുകയുണ്ടായോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

ചോദ്യം നമ്പർ 336-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly